## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3003 — 22-06-2012 - ലെ മറുപടിയ്ക്ക്

## കൃഷിഭവനുകൾ മുഖാന്തിരം പ്രാവർത്തികമാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) നാളികേര വികസന ബോർഡ് മുഖേന ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കൃഷിഭവനുകൾ മുഖാന്തിരം പ്രാവർത്തികമാക്കുന്ന പദ്ധതികളും അവയുടെ വിശദാംശവും വ്യക്തമാക്കുമോ; | (എ) നാളികേര വികസന ബോർഡ്, 2009-10 മുതൽ നാളികേര പുനരുദ്ധാരണ പദ്ധതി പ്രകാരം കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ച തെങ്ങുകളും പ്രായം ചെന്ന ഉൽപാദനക്ഷമത നശിച്ച തെങ്ങുകളും മുറിച്ചു മാറ്റുന്നതിന് സബ്സിഡിയായി ഹെക്ടറിന് 13,000 രൂപ നൽകി വരുന്നു. കൂടാതെ പദ്ധതി പ്രദേശങ്ങളിൽ ബാക്കി വരുന്ന തെങ്ങുകളിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ഹെക്ടറിന് 15000 രൂപ രണ്ട് തുല്യ ഗഡുക്കളായി നൽകുന്നുണ്ട്. ഏതെങ്കിലും നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല മറിച്ച് ജില്ല മുഴുവനുമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>ഈ പദ്ധതി 2010-11 മുതൽ ചാത്തന്നൂർ ബ്ലോക്കിലെ ആദിച്ചനല്ലൂർ, ചാത്തന്നൂർ, ചിറക്കര, കല്ലുവാതുക്കൽ, നെടുമ്പന, പരവൂർ, പൂതക്കുളം എന്നീ കൃഷിഭവനുകളിൽ നടപ്പിലാക്കി വരുന്നു. ഇതുവരെ 7.72 കോടി രൂപയുടെ പദ്ധതികൾ 2 വർഷ കാലയളവിൽ നടപ്പിലാക്കുവാനായി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 3.73 കോടി രൂപ 74986 കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനായി മാറ്റി വച്ചിട്ടുണ്ട്.<br><br>2012 ജൂൺ മാസം 13-ാം തീയതിവരെയുള്ള കണക്കനുസരിച്ച് ഈ |

ബ്ലോക്കിലെ മുകളിൽ സൂചിപ്പിച്ച കൃഷി ഭവനുകളിൽ കേടുവന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനായി 132.8 ലക്ഷം രൂപ കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന സബ്സിഡി കൃഷിഭവനുകളിൽ കൂടി ക്ലെയിം സമർപ്പിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. ശാസ്ത്രീയ വളപ്രോയഗത്തിലേക്കായി 379 ടൺ കുമ്മായം, 189 ടൺ മെഗ്നീഷ്യം സൾഫേറ്റ്, 1253 ടൺ കൂട്ടുവളം (10:5:20) എന്നിവ വിതരണം ചെയ്യുന്നതായി 179.01 ലക്ഷം രൂപ ഉപയോഗിച്ചിട്ടുണ്ട്. ഇതുവരെ 311.81 ലക്ഷം രൂപ ചാത്തന്നൂർ ബ്ലോക്കിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ബോർഡ് ചിലവാക്കിയിട്ടുണ്ട്.

(ബി) നാളികേര വികസന ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതി കൾക്ക് വേണ്ടത്ര പ്രചരണം ലഭി ക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിലേക്ക് നടപടി സ്വീകരിക്കുമോ?

(ബി) ഇല്ല.

സെക്ഷൻ ഓഫീസർ